**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 4516** **20.10. 2011-ൽ മറുപടിക്ക്.**

## ഗവൺമെന്റ് സെക്രട്ടേറിയറ്റിലെ സുരക്ഷാ പാളിച്ച

ചോദ്യം

ശ്രീ. എ. പ്രദീപ്കുമാർ

ഉത്തരം

ശ്രീ. ഉമ്മൻ ചാണ്ടി
(മുഖ്യമന്ത്രി)

(എ) അതീവ സുരക്ഷാമേഖലയായ ഗവൺമെന്റ് സെക്രട്ടേറിയറ്റിലെ വി.ഐ.പി. ഗേറ്റിൽകൂടി മദ്യപാന സംഘം കാർ ഇടിച്ചു കയറ്റിയതുമായി ബന്ധപ്പെട്ട് കേസ് എടുത്തിട്ടുണ്ടോ ; ഏതൊക്കെ വകുപ്പുകൾ അനുസരിച്ചാണ് കേസ് ചാർജ് ചെയ്തത് എന്ന് വ്യക്തമാക്കുമോ ;

: (എ) ഉണ്ട്. കന്റോൺമെന്റ് പോലീസ് സ്റ്റേഷനിൽ ക്രൈം 802/2011 u/s 447, 279 & 34 IPC & Sec.185 of MV Act പ്രകാരം കേസെടുത്തിട്ടുണ്ട്.

(ബി) പ്രസ്തുത വാഹനത്തിൽ എത്ര പേരാണ് ഉണ്ടായിരുന്നത് ; എത്ര പേർക്കെതിരെയാണ് കേസ് എടുത്തിട്ടുള്ളത് എന്ന് വെളിപ്പെടുത്തുമോ ;

: (ബി) പ്രസ്തുത വാഹനത്തിൽ 3 പേർ ഉണ്ടായിരുന്നു. മൂന്നുപേർക്കെതിരെയും കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) കാർ ഇടിച്ചു കയറ്റിയതിന് ശേഷം കാറിലുള്ള രണ്ടു പേർ ഇറങ്ങി ഓടിയതായ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇവർ ആരാണെന്ന് തിരിച്ചറിഞ്ഞിട്ടുണ്ടോ ; വിശദമാക്കാമോ ;

: (സി) ഉണ്ട്. കാർ ഇടിച്ചുകയറ്റിയശേഷം മൂന്നാം പ്രതിയായ പള്ളിപ്പുറം വില്ലേജിൽ മൈതാനി വാർഡിൽ കരിച്ചാറ കുന്നുവിള വീട്ടിൽ കൃഷ്ണൻ മകൻ ചന്ദ്രൻ സംഭവസ്ഥലത്തു നിന്നും ഓടിപ്പോയിരുന്നു. എന്നാൽ ഇയാളെ പിന്നീട് അന്വേഷണമദ്ധ്യേ അറസ്റ്റ് ചെയ്ത് ജാമ്യത്തിൽ വിട്ടയച്ചിട്ടുണ്ട്.

(ഡി) വി.ഐ.പി. ഗേറ്റിൽ കൂടി യാത്ര ചെയ്യുന്നവരെ തിരിച്ചറിയുന്നതിന് അവിടെ സ്ഥാപിച്ചിട്ടുള്ള സ്കാനർ ക്യാമറ സംവിധാനം വഴി സാധിക്കുമോ ?

: (ഡി) വാഹന സ്കാനർ സംവിധാനം വഴി യാത്ര ചെയ്യുന്നവരെ തിരിച്ചറിയാൻ സാധിക്കുകയില്ല.

Asharani

സെക്ഷൻ ഓഫീസർ